# പരിഹാരം തേടുന്ന പ്ലാസ്റ്റിക് ഭീഷണി

എസ്. ഉഷ

പ്ലാസ്റ്റിക് ഉപയോഗം നാൾക്കുനാൾ വർദ്ധിച്ചുവരികയും ചർച്ചകൾക്ക് ചൂടുപിടിക്കുകയും ചെയ്യുന്നു. എന്നാൽ ഖരമാലിന്യ നിർമ്മാർജ്ജനമെന്നത് ആരുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയാതിരിക്കുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിൽ ഉള്ളത്. വേർതിരിക്കാത്ത മാലിന്യങ്ങളെ കമ്പോസ്റ്റാക്കി മാറ്റി 'ജൈവവള'മെന്ന ലേബലിൽ കൃഷിക്കാർക്ക് വിൽക്കാനാണ് കേരളത്തിലെ കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും ശ്രമിക്കുന്നത്. ക്യാരീബാഗ് പോലുള്ള പ്ലാസ്റ്റിക് സാധനങ്ങൾ കത്തിക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ലെന്ന് പറയുന്ന മലിനീകരണ നിയന്ത്രണബോർഡും ശാസ്ത്രജ്ഞരുമാണ് ഇവിടെയുള്ളത്. വിദ്യാസമ്പന്നരായ ഇവിടത്തെ ജനങ്ങൾ ഈ 'ശാസ്ത്രജ്ഞരിൽ'വിശ്വാസമർപ്പിച്ച്, ശാസ്ത്രം മനുഷ്യനന്മക്കാണെന്ന കാര്യം മറക്കുകയും ചെയ്യുന്നു.

ഇതേ സമയത്താണ് തമിഴ്നാട്ടിലെ മലിനീകരണ നിയന്ത്രണ ബോർഡും മറ്റൊരു സർക്കാർ സ്ഥാപനമായ എൻവയോൺമെന്റൽ ട്രെയിനിംഗ് സെന്ററും ചേർന്ന് ഇക്കഴിഞ്ഞ 24ാം തിയ്യതി അന്താരാഷ്ട്ര ഇൻസിനേറ്റർ വിരുദ്ധ ദിനം ആചരിച്ചത്. പ്ലാസ്റ്റിക് നിരോധിക്കാനുള്ള ഒരു ബില്ല് നിയമസഭയിൽ അവതരിപ്പിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും തമിഴ്നാട്ടുകാർക്കുണ്ടായി. പരിസ്ഥിതി ദിനത്തിൽ പ്ലാസ്റ്റിക് നിർമ്മാതാക്കളും മറ്റൊരു സർക്കാർ ഏജൻസിയായ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയും 'പ്ലാസ്റ്റിക്കാണ് പരിസ്ഥിതിയെ സംരക്ഷിക്കുന്നതെന്ന രീതിയിലുള്ള രണ്ട് വലിയ പരസ്യങ്ങൾ 'ഹിന്ദു'പത്രത്തിൽ കൊടുക്കുകയുണ്ടായി. പ്ലാസ്റ്റിക് കത്തിച്ചാൽ ഡയോക്സിനുണ്ടാകുമെന്ന പ്രചരണം ശരിയല്ലെന്ന് ഈ പരസ്യം പറയുകയുണ്ടായി. കുറേയാളുകളുടെ മനസ്സിൽ പരസ്യം സംശയമുളവാക്കി. ഇതിനുള്ള മറുപടിയായി തമിഴ്നാട്ടിലെ മലിനീകരണ നിയന്ത്രണബോർഡിന്റെ ചെയർപേഴ്സൺ പറഞ്ഞത് "അങ്ങിനയല്ലേ അവർ പറയൂ. ഇവർ രണ്ടുപേരും പ്ലാസ്റ്റിക് ഉല്പാദകരാണല്ലോ" എന്നാണ്. ഏതൊരു സാധാരണ മനുഷ്യനും ഉണ്ടാകേണ്ട സാമാന്യ ബോധം, ഇതാണിന്ന് കേരളത്തിലെ ഉദ്യോഗസ്ഥ-ശാസ്ത്രജ്ഞസമൂഹത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

ഏഷ്യൻ രാജ്യങ്ങളിലെ മനുഷ്യരുടെ ശരീരത്തിലെ ഡയോക്സിന്റെ അളവ് ഒരു പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മാരകവിഷങ്ങൾ സാന്ദ്രീകരിക്കുന്ന കാര്യത്തിൽ വികസിത-വികസ്വര-അവികസിതരാജ്യങ്ങളിലെ ആളുകൾ വ്യത്യസ്ഥരല്ല എന്ന് ഈ പഠനം കാണിക്കുന്നു. ഈ പഠനത്തിൽ മദ്രാസ് കോർപ്പറേഷനിലെ മാലിന്യങ്ങൾ തട്ടുന്ന പെരുംകുടി ഗ്രാമത്തിലെ സ്ത്രീകളുടെ രക്തത്തിലാണ് ഏറ്റവും ഉയർന്ന അളവിൽ ഡയോക്സിൻ കണ്ടെത്തിയത്. ഈ പഠനം നമുക്കും ഒരു പാഠമാകേണ്ടതാണ്. ഒരു വിവേകവുമില്ലാതെ, പ്ലാസ്റ്റിക് സാധനങ്ങൾ വാങ്ങുകയും വലിച്ചെറിയുകയും ചെയ്യുന്നവരാണ് നാം. വിളപ്പിൽശാലയിലും ലാലൂരും ഞെളിയൻ പറമ്പിലും എല്ലാം ജനങ്ങൾ സമരമിരിക്കുമ്പോഴും നിസ്സംഗതയോടെ അവനവന്റെ 'സൗകര്യങ്ങൾ'ക്കുമാത്രം മുൻഗണന കൊടുത്തതു കൊണ്ട് നമ്മൾ 'പുരോഗമി'ച്ചുകൊണ്ടിരിക്കുകയാണ്. ആളോഹരി ഉപഭോഗം കൂടുമ്പോൾ ആളോഹരി മാരകവിഷത്തിന്റെ അളവും കൂടുമെന്ന സാമാന്യബോധം തിരികെ കൊണ്ടുവരാൻ നമ്മുടെ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നില്ല. ഒരു വശത്ത് വെള്ളത്തിനെ കുറിച്ചും ആരോഗ്യത്തെ കുറിച്ചുമുള്ള സെമിനാറുകൾ അരങ്ങ് തകർക്കുമ്പോൾ മറുവശത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ വന്നു നിറഞ്ഞ് ജനസ്രോതസ്സുകളെല്ലാം വിഷയമായിക്കൊണ്ടിരിക്കുന്നു. പരസ്പരബന്ധത്തിലൂന്നിയ ജീവിതരീതികൾ നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്നു എന്നതിന്റെ ഉദാഹരണമാണിത്. നമ്മുടെ ഗ്രാമങ്ങളിലെ അടുപ്പുകൾ വരെ പ്ലാസ്റ്റിക് സാധനങ്ങൾ കത്തിച്ചുകളയുന്ന ചെറിയ ചൂളകളാക്കി മാറിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ തന്നെ ഒരു നോക്കുകുത്തിയായി മാറിയിരിക്കുന്ന നമ്മുടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതിക്കും ജനങ്ങൾക്കും വലിയൊരു ബാധ്യതയായി അവശേഷിക്കുന്നു. മാലിന്യങ്ങളെ വേർതിരിക്കണമെന്നും അവയുടെ അളവ് കുറക്കണമെന്നും പറയാനുള്ള ആത്മബലവും വിശ്വാസവും ഇല്ലാത്ത ഇത്തരം സ്ഥാപനങ്ങൾ കേരളത്തെ ഒരു മാലിന്യകൂമ്പാരമാക്കി മാറ്റുകയാണ് ചെയ്യുന്നത്.